Prime Minister's Office

# PM's remarks on the situation in India-China Border areas

പ്രധാനമന്ത്രിയുടെ കാര്യാലയം

**ഇന്ത്യ-ചൈന അതിര്‍ത്തി പ്രദേശങ്ങളിലെ സാഹചര്യങ്ങള്‍ സംബന്ധിച്ച് പ്രധാനമന്ത്രിയുടെ പരാമര്‍ശങ്ങള്‍**

പ്രവേശന തിയതി: 2020 ജൂണ്‍ 17 3:35PM -PIB ഡല്‍ഹി

സഹപ്രവര്‍ത്തകരെ

ഗള്‍വാന്‍ താഴ്‌വരയില്‍ നമ്മുടെ മാതൃരാജ്യത്തെ സംരക്ഷിക്കുന്നതിനിടയില്‍ ഭാരതാംബയുടെ ധീര പുത്രന്മാര്‍ മഹത്തായ ത്യാഗം ചെയ്തിരിക്കുന്നു

രാജ്യത്തോടുള്ള സേവനത്തിനിടെയുണ്ടായ ഈ മഹത്തായ ത്യാഗത്തിനു ഞാന്‍ അവര്‍ക്കു മുന്‍പില്‍ ശിരസ്സു നമിക്കുന്നു, നന്ദിയോടെ അവര്‍ക്ക് ശ്രദ്ധാഞ്ജലികള്‍ അര്‍പ്പിക്കുന്നു.

ദുഖകരമായ ഈ പ്രതിസന്ധി ഘട്ടത്തില്‍, രക്തസാക്ഷികളുടെ കുടുംബങ്ങളോട് ഞാന്‍ എന്റെ അനുശോചനം അറിയിക്കുന്നു.

ഇന്ന് രാജ്യം മുഴുവനും, ഒരു രാജ്യത്തിന്റെ വികാരങ്ങള്‍ മുഴുവനും നിങ്ങളോടൊപ്പമുണ്ട്.

നമ്മുടെ രക്തസാക്ഷികളുടെ ത്യാഗം ഒരിക്കലും പാഴാവുകള്‍ക്കില്ല

സാഹചര്യം, സന്ദര്‍ഭങ്ങള്‍ എന്നിവ എന്ത് തന്നെയായാലും, ഇന്ത്യ സ്വന്തം ആത്മാഭിമാനത്തെയും ഓരോ ഇഞ്ചു ഭൂമിയെയും മുറുകെ പിടിക്കുക തന്നെ ചെയ്യും.

സാംസ്‌കാരികമായി ഇന്ത്യ സമാധാനം ആഗ്രഹിക്കുന്ന ഒരു രാജ്യമാണ്. നമ്മുടെ ചരിത്രം സമാധാനപൂര്‍ണമായിരുന്നു

ഇന്ത്യയുടെ ആശയപരമായ മന്ത്രം : സമസ്ത:സുഖിനോ ഭവന്തു എന്നു തന്നെ ആയിരുന്നു

എല്ലാ കാലഘട്ടത്തിലും, നമ്മള്‍ മുഴുവന്‍ മാനവരാശിയുടെയും സമാധാനത്തിനും ക്ഷേമത്തിനും വേണ്ടിയാണ് ആഗ്രഹിച്ചുവന്നത്.

നമ്മൾ നമ്മുടെ അയൽ രാജ്യങ്ങളുമായി സഹകരണവും സൗഹൃദവും നിറഞ്ഞ രീതിയിലാണ് ഇപ്പോഴും പ്രവർത്തിച്ചു വന്നത്. ഇപ്പോഴും അവരുടെ കൂടി വികസനത്തിന് ക്ഷേമത്തിനും വേണ്ടി ആഗ്രഹിക്കുകയും ചെയ്തു.

എവിടെയെങ്കിലും ഇതിൽ നിന്നുള്ള വ്യത്യങ്ങൾ ഉണ്ടാകുകയാണെങ്കിൽ, വ്യത്യങ്ങൾ തർക്കങ്ങൾ ആകാതിരിക്കാൻ ശ്രമിക്കുകയും ചെയ്തു, വ്യത്യസങ്ങൾ ഒരിക്കലും തർക്കങ്ങളായി മാററുത്.

നമ്മൾ ആരെയും ഒരിക്കലും പ്രകോപിപ്പിച്ചിട്ടില്ല എല്ലാ നമ്മുടെ രാജ്യത്തിന്റെ അഖണ്ഡതയിലും പരമാധികാരത്തിലും ഒരിക്കലും വിട്ടു വീഴ്ച ചെയ്യുകയുമില്ല.

സമയം ആഗതമായപ്പോഴെല്ലാം തന്നെ , രാജ്യത്തിന്റെ സമഗ്രതയും പരമാധികാരവും സംരക്ഷിക്കുന്നതിനുള്ള നമ്മുടെ കഴിവുകൾ തെളിയിച്ച് നമ്മൾ ശക്തി പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ത്യാഗവും വിദ്യാഭ്യാസവും നമ്മുടെ ദേശീയതയുടെ ഭാഗമാണ് അതെ സമയം തന്നെ ഇച്ഛാ ശക്തിയും ധീരതയും രാജ്യത്തിന്റെ സവിശേഷതകളാണ്.

നമ്മുടെ സൈനികരുടെ ത്യാഗങ്ങൾ ഒരിയ്ക്കലും പാഴാക്കില്ലെന്നാണ് എനിക്ക് രാജ്യത്തോട് ഉറപ്പു നൽകാനുള്ളത്.

ഇന്ത്യയുടെ പരമാധികാരവും അഖണ്ഡതയുമാണ് നമുക്ക് ഏറ്റവും പ്രധാനമായുള്ളത്, അത് സംരക്ഷിക്കുന്നതിൽ നിന്ന് ആർക്കും തന്നെ തടയാനാകില്ല.

ആർക്കും ഇതിൽ ഒരു തരത്തിലുള്ള ആശങ്കയും തോന്നേണ്ടതില്ല.

ഇന്ത്യ സമാധാനം ആഗ്രഹിക്കുന്നു, എന്നാൽ ഇന്ത്യയെ പ്രകോപിപ്പിക്കുകയാണെങ്കിൽ അതിനു ഉചിതമായ മറുപടിതന്നെ നൽകുന്നതായിരിക്കും.

രക്തസാക്ഷിത്വം വരിച്ച ജവാന്മാരുടെ ത്യാഗത്തിൽ രാജ്യം അഭിമാനം കൊള്ളുന്നു. രണ്ടു നിമിഷം മൗനമാചരിച്ചു നമ്മുടെ വീര പുത്രന്മാർക്ക് ശ്രദ്ധാഞ്ജലിയർപ്പിക്കാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുകയാണ്.

*****

VRRK/VJ

(റിലീസ് ഐഡി: 1632065) സന്ദർശക കൗണ്ടർ: 175

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.